# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 11, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 332)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | 6966 മുതൽ 7111 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | 7112 മുതൽ 7197 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | 7198 മുതൽ 7232 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | 7233 മുതൽ 7297 വരെ |

## സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വികസന പദ്ധതി

6966 ശ്രീ. പി. തിലോത്തമൻ
,, വി. ശശി
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ സ്കൂൾ വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഓരോ വിദ്യാഭ്യാസ ജില്ലയിലും ഒരു അധ്യയന വർഷം എത്ര തുകയാണ് ചെലവിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഇതിനായി ഒരു അദ്ധ്യയന വർഷം എത്ര തുക വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

6967 ശ്രീ. എം. പി. വിൻസെന്റ്
'' സണ്ണി ജോസഫ്
'' വി. റ്റി. ബൽറാം
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതനുസരിച്ച് വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നടപ്പ് അദ്ധ്യയന വർഷം മുതൽ ഇത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അധ്യയന ദിവസങ്ങൾ</u>

6968 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ അധ്യയന ദിവസങ്ങൾ അഞ്ചാക്കി ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ആഴ്ചയിൽ അധ്യയന ദിവസങ്ങൾ അഞ്ചു ദിവസമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ അധ്യയന ദിവസങ്ങൾ ആഴ്ചയിൽ ആറാക്കി നിലനിർത്താനിടയായ സാഹചര്യം വിശദീകരിക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മാതൃഭാഷാനയം</u>

6969 ശ്രീ. പി.കെ. ബഷീർ
,, എൻ.എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃഭാഷാപഠനക്കാര്യത്തിൽ സുപ്രീംകോടതി വിധിമൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) വിധിയുടെ പശ്ചാത്തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സമഗ്രഭാഷാപഠനക്കാര്യത്തിൽ നയരൂപീകരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മലയാളം മീഡിയം പഠിക്കുന്നവർക്ക് പ്രോത്സാഹനം</u>

6970 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) മലയാളം മീഡിയം പഠിക്കുന്ന കുട്ടികൾക്ക് ഗ്രേസ്മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കേരള ഫ്യൂച്ചർ സ്കൂൾസ്</u>

6971 ശ്രീ. ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കേരള ഫ്യൂച്ചർ സ്കൂൾസ്' സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ഇതിനായി വിഭവസമാഹരണം നടത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

<u>എൻട്രൻസ് പരീക്ഷകൾക്കായി സ്കൂളുകളിൽ പരിശീലനം</u>

6972 ശ്രീ. ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പരിശീലനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും പരിശീലന രീതിയെക്കുറിച്ചും വിശദമാക്കുമോ;

(സി) ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പദ്ധതി മൂലം പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏത് അദ്ധ്യയന വർഷം മുതലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സ്കോളർ സപ്പോർട്ട് പ്രോഗ്രാം</u>

6973 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ.സി. ബാലകൃഷ്ണൻ
,, എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിദ്യാർത്ഥികളെയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ കീഴിൽ കൊണ്ട് വരാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായവും ബോധന സാമഗ്രികളുമാണ് ഈ പദ്ധതി അനുസരിച്ച് നൽകുന്നത് വിശദമാക്കുമോ;

(സി) ഏത് അദ്ധ്യയനവർഷം മുതലാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

### വോക്ക് വിത്ത് എ സ്കോളർ പദ്ധതി

6974 ശ്രീ. കെ. ശിവദാസൻ നായർ
,, എം.പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വോക്ക് വിത്ത് എ സ്കോളർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം മേഖലകളിലെ വിദ്യാർത്ഥികളെ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിദഗ്ദ്ധരുടെ ഉപദേശങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ഡി) എന്ന് മുതലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>വിദ്യാലയങ്ങളിലെ പ്രാദേശിക അവധി</u>

6975 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വര്‍ഷത്തില്‍ എത്ര വിദ്യാലയങ്ങളില്‍ പ്രാദേശിക അവധി നല്‍കിയിട്ടുണ്ട് ; നല്‍കിയിട്ടുണ്ടെങ്കില്‍ എത്ര ദിവസം നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാലയങ്ങള്‍ ഏതെല്ലാം ജില്ലകളിലാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം ആവശ്യങ്ങള്‍ക്കാണ് പ്രാദേശിക അവധി നല്‍കിയതെന്ന് അറിയിക്കുമോ ;

(ഡി) പ്രാദേശിക അവധി നല്‍കുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങള്‍ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രാദേശിക അവധി പ്രഖ്യാപിക്കുന്ന ദിവസം ജീവനക്കാര്‍ വിദ്യാലയത്തില്‍ ഹാജരാകേണ്ടതുണ്ടോയെന്നും ആര്‍ക്കാണ് പ്രാദേശിക അവധി പ്രഖ്യാപിക്കുന്നതിന് അധികാരമെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>റൂസ ഫണ്ട് ലഭ്യമാക്കാൻ നടപടി</u>

6976 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, സി. കൃഷ്ണൻ
,, എം ഹംസ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റൂസപദ്ധതിയുടെ സംസ്ഥാനവിഹിതം നൽകാത്തതു കാരണം കേന്ദ്രഫണ്ട് നഷ്ടമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത് റൂസ പദ്ധതിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി</u>

6977 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിൽ സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

ഏരിയാ ഇന്റൻസീവ് പദ്ധതി

6978 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി അനുസരിച്ച് നിലവിൽ എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ കൊടുവള്ളി ശംസുൽ ഉലമാ മോമ്മോറിയൽ റിയാളുസ്വാലിഹീൻ കമ്മിറ്റി പെൺകുട്ടികൾക്കുള്ള ഹയർസെക്കന്ററി സ്കൂളിന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്കൂൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>ഏരിയാ ഇന്റൻസീവ് പ്രോഗ്രാം സ്കീമിൽ ഉൾപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർ</u>

6979 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏരിയ ഇന്റൻസീവ് പ്രോഗ്രാം സ്കീമിൽ ഉൽപ്പെട്ട സ്കൂളുകളിലെ അദ്ധ്യപകർക്ക് സർക്കാർ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് ഏതു കാലയളവ് മുതലാണ് മോണിറ്ററി ബെനിഫിറ്റ് കണക്കാക്കിയിട്ടുള്ളത്;

(സി) മോണിറ്ററി ബെനിഫിറ്റിനർഹതയുള്ള കാലത്തിന് മുമ്പുള്ള ഇതേ സ്കൂളിലെ സർവ്വീസ്, സർവ്വീസ് കാലയളവായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതേ കാലയളവിൽ എ.ഐ.പി. സ്കൂളുകളിൽ ജോലിചെയ്തിരുന്ന അദ്ധ്യാപകർ പിന്നീട് മറ്റു ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ ജോലിയിൽ പ്രവേശിച്ചാൽ അവരുടെ എ.ഐ.പി. സ്കൂളുകളിലെ സേവനകാലം ഗ്രേഡിനുള്ള സർവ്വീസ് കാലയളവായി പരിഗണിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>അംഗീകാരമില്ലാത്ത സ്ക്കൂളുകൾ</u>

6980 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അംഗീകാരമില്ലാത്ത എത്ര സ്ക്കൂളുകളാണ് നിലവിൽ വന്നിട്ടുളളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അടിസ്ഥാന സൗകര്യ വികസനം നടന്ന വിദ്യാലയങ്ങൾ</u>

6981 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കും എന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം നടന്ന വിദ്യാലയങ്ങൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ഫണ്ടുകളാണ് ഉപയോഗിച്ചിട്ടുള്ളത് എന്നു പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ**

6982 ശ്രീ. റ്റി.യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുകയും ഇംഗ്ലീഷ് മീഡിയം വിഭാഗങ്ങൾ ശക്തിപ്പെടുത്തുകയും അനാവശ്യ സമരങ്ങളെ ഒഴിച്ചുനിർത്തുകയും ചെയ്താൽ ഇനിയും കൂടുതൽ നേട്ടങ്ങൾ ഈ മേഖലയ്ക്ക് നേടാൻ കഴിയുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് അനുസൃതമായ കൂടുതൽ നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമവും സേവനാവകാശവും നിയമവും നടപ്പിലാക്കൽ</u>

6983 ശ്രീ. കെ. അച്ചുതൻ
,, വർക്കല കഹാർ
,, റ്റി.എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമയും സേവനാവകാശനിയമവും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത നിയമം സംബന്ധിച്ച് ബന്ധപ്പെട്ടവർക്കിടയിൽ വേണ്ടത്ര പ്രചരണം നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

2014-15 വർഷത്തിൽ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കൽ

6984 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ എല്ലാ ക്ലാസ്സിലും പാഠപുസ്തകങ്ങൾ വിതരണം ചെയ്ത് പൂർത്തിയായിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഏതൊക്കെ ക്ലാസ്സിലാണ് നൽകേണ്ടത് എന്നും കാലതാമസം നേരിടുന്നതിന്റെ കാരണവും വിശദമാക്കാമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകുന്നതിനുള്ള തുക</u>

6985 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകുന്നതിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒരു കുട്ടിക്ക് എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കാത്തവർക്കെതിരെയുള്ള നടപടി</u>

T6986 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ യാത്ര ചെയ്യുന്ന കുട്ടികൾക്ക് സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കാത്തവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ ഓണറേറിയം</u>

6987 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സാക്ഷരതാ പ്രേരക്മാർ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവർക്ക് നൽകിവരുന്ന പ്രതിമാസ ഓണറേറിയം എത്ര രൂപയാണ്;

(സി) മുൻവർഷങ്ങളിൽ നൽകിവന്നിരുന്ന ഓണം അലവൻസ് കഴിഞ്ഞ വർഷം നൽകാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ഡി.പി.ഐ. ഓഫീസിൽ ലഭിക്കുന്ന തപാലുകളിൽ നടപടി സ്വീകരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം</u>

6988 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ ഉൾപ്പെടെയുള്ള കത്തുകളിൽ എത്ര ദിവസത്തിനകം നടപടികൾ സ്വീകരിക്കുന്നു; വ്യക്തമാക്കാമോ;

(ബി) ഡി.പി.ഐ ഓഫീസിൽ ലഭിക്കുന്ന മെഡിക്കൽ റീ - ഇമ്പേഴ്സ്മെന്റ് ഉൾപ്പെടെയുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ഫയലുകളിന്മേൽ ഡി.പി.ഐ. ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനേക്കാൾ കാലതമാസം ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്</u>

6989 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് തുക കൃത്യമായി ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര കുട്ടികൾക്ക് തുക വിതരണം ചെയ്യാനുണ്ട്; വിശദാംശം നൽകാമോ;

(സി) അശ്വജിത്ത് ബി. എം. S/o യൂ. പി. മോഹനൻ, മുള്ളമ്പത്ത് പി. ഒ.(റോൾ നമ്പർ: 19315) എന്ന വിദ്യാർത്ഥിക്ക് ഇതുവരെയായി സ്കോളർഷിപ്പ് തുക ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്കോളർഷിപ്പ് തുക കൃത്യമായി വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) സ്കോളർപ്പിപ്പ് തുക കൃത്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സ്ക്കൂൾ വിദ്യാർത്ഥികളിലെ സാമൂഹ്യ സേവന മനോഭാവം വർദ്ധിപ്പിക്കൽ</u>

6990 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ക്കൂൾ വിദ്യാർത്ഥികളിലെ സാമൂഹ്യ സേവന മനോഭാവം വർദ്ധിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് നിശ്ചിത ദിവസത്തെ സാമൂഹ്യ പ്രവർത്തനത്തിന് ഊന്നൽ നൽകി പാഠ്യപദ്ധതി പരിഷ്ക്കരിക്കാൻ തയ്യാറാകുമോ;

(സി) എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും കലാ-കായിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി എടുക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഒൻപതാം ക്ലാസിൽ തോല്പിച്ചതിന്റെ മാനസികാഘാതത്തിൽ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം

6991 ശ്രീ. എം.എ ബേബി
,, പി. ശ്രീരാമകൃഷ്ണൻ
ഡോ. കെ. ടി ജലീൽ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ക്ലാസിൽ തോല്പിച്ചതിന്റെ മാനസികാഘാതത്തിൽ മലപ്പുറത്തെ സുല്ല മുസ്ലാം ഓറിയന്റൽ സ്ക്കൂളിലെ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ; അന്വേഷണം നടത്തുകയുണ്ടായോ;

(ബി) ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ അൺ-എയ്ഡഡ് സ്ക്കൂളുകളിൽ ഒൻപതാം ക്ലാസിൽ വിദ്യാർത്ഥികളെ തോൽപ്പിക്കുന്ന ചട്ട വിരുദ്ധ നടപടികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിന് മാനേജർമാർ അണ്ടർ ടേക്കിംഗ് നൽകണമെന്ന വ്യവസ്ഥ

6992 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികയിൽ നിയമിച്ച അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിന് മാനേജർമാർ അണ്ടർടേക്കിംഗ് നൽകണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നോ ; എങ്കിൽ ഈ വ്യവസ്ഥ പാലിച്ച സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രസ്തുത കാലയളവിലെ ശമ്പളം നൽകിയിട്ടുണ്ടോ ;

(ബി) അണ്ടർടേക്കിംഗ് നൽകാത്ത സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പള ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ ;

(സി) എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം ഏതെങ്കിലും മാനേജ്മെന്റ് പ്രസ്തുത വ്യവസ്ഥക്കുവിധേയമായി നിയമനം നടത്താൻ തയ്യാറായിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അത്തരം സ്കൂളുകളിലെ അദ്ധ്യാപകർക്ക് നൽകിയ ശമ്പളം തിരിച്ച് പിടിച്ചിട്ടുണ്ടോ ;

(ഇ) എഗ്രിമെന്റ് വെച്ചെങ്കിലും അത് പാലിക്കാത്ത സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പള ആനുകൂല്യം ലഭിച്ച സാഹചര്യത്തിൽ അദ്ധ്യാപകരുടെ കുറ്റംകൊണ്ടല്ലാതെ എഗ്രിമെന്റ് വെക്കാതിരുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകാതിരിക്കുന്നത് വിവേചനപരമായതിനാൽ അവർക്ക് കൂടി ശമ്പള കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**കേരള സ്റ്റേറ്റ് ചിൽഡ്രൻസ് ഏഡ്യൂക്കേഷണൽ ഫിലിം ഫെസ്റ്റിവൽ**

6993 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ചിൽഡ്രൻസ് എഡ്യൂക്കേഷണൽ ഫിലിം ഫെസ്റ്റിവൽ ഏതു വർഷം മുതലാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഫെസ്റ്റിവലിൽ സമ്മാനാർഹമായ സിനിമകൾക്ക് സർക്കാർ നൽകുന്ന അവാർഡ് തുക എത്രയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത അവാർഡ് തുക ഇനിയും നൽകാൻ ബാക്കിയുള്ളത് എത്ര സ്കൂളുകൾക്കാണെന്നും ടി തുക എത്ര വീതമെന്നും ഏതൊക്കെ സ്കൂളുകൾക്കാണെന്നും ഏത് വർഷത്തിലേതാണെന്നും ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>ജലമണി പദ്ധതി</u>

6994 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ശുദ്ധജലമെത്തിക്കുന്ന 'ജലമണി' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ജലമണി പദ്ധതി നടപ്പാക്കുന്ന സംസ്ഥാനത്തെ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ലഭിച്ച കേന്ദ്രഫണ്ടിന്റെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് ലഭ്യമായ കേന്ദ്രഫണ്ടും അനുവദിച്ച സംസ്ഥാന ഫണ്ടും പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കുമോ;

(എഫ്) ജലമണി പദ്ധതി തുടരുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>യൂണിഫോം വിതരണത്തിനുള്ള നടപടികൾ</u>

6995 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കഴിഞ്ഞ വർഷത്തെ (2013-14) യൂണിഫോം വിതരണം പൂർത്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത്; ഉത്തരവാദികൾ ആരെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള കരാർ ഏറ്റെടുത്ത കമ്പനികൾ</u>

6996 ശ്രീ. എളമരം കരീം
,, ജെയിംസ് മാത്യു
,, എം. ഹംസ
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിനൂള്ള കരാർ ഏറ്റെടുത്ത കമ്പനികൾ നിശ്ചിത സമയ പരിധിക്കുള്ളിൽ യൂണിഫോം വിതരണം നടത്തിയിട്ടുണ്ടോ; കരാർ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) കരാർ അനുസരിച്ചുള്ള സമയപരിധിക്കുള്ളിൽ യൂണിഫോം വിതരണം ചെയ്യാത്ത കമ്പനികളോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; ഇവർക്ക് കരാർ പ്രകാരമുള്ള തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ;

(സി) യൂണിഫോം വിതരണത്തിൽ മുൻവർഷമുണ്ടായിട്ടുള്ള വീഴ്ചകൾ ആവർത്തിരിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**<u>സർക്കാർ സ്കൂളുകളിൽ യഥാസമയം യൂണിഫോം വിതരണം നടത്താത്ത കമ്പനികൾ</u>**

6997 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ യൂണിഫോം വിതരണം യഥാസമയം നടക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് യൂണിഫോം വിതരണത്തിനുള്ള കരാർ നൽകിയിട്ടുള്ളത്;

(സി) യഥാസമയം യൂണിഫോം വിതരണം നടത്താത്ത കമ്പനികൾ ഏതൊക്കെയാണ്;

(ഡി) കഴിഞ്ഞ വർഷം യഥാസമയം യൂണിഫോം വിതരണം നടത്താത്ത കമ്പനികൾക്ക് ഈ വർഷവും കരാർ നൽകാമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ;

(ഇ) യഥാസമയം യൂണിഫോം വിതരണം നടത്താത്ത കമ്പനികളെ കരാറിൽ നിന്നും ഒഴിവാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക/അദ്ധ്യാപികമാരുടെ യൂണിഫോം</u>

6998 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം അദ്ധ്യാപക/അദ്ധ്യാപികമാർ യൂണിഫോം ധരിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സ്കൂൾ ബ്ലാക്ക് ബോർഡുകളുടെ നിറംമാറ്റം</u>

6999 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ബ്ലാക്ക് ബോർഡിന് പകരം മറ്റേതെങ്കിലും കളറിൽ ബോർഡുകൾ സ്ഥാപിക്കാൻ ആരെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എവിടെയൊക്കെ ബോർഡുകളുടെ കളർ മാറ്റിയെന്ന് വെളിപ്പെടുത്താമോ;

(സി) ബ്ലാക്ക് ബോർഡുകളുടെ നിറംമാറ്റം വിദ്യാഭ്യാസ മേഖലയിലുണ്ടാക്കിയ ആശങ്ക പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

എം.എൽ.എ.യ്ക്ക് ഉത്തരവിന്റെ പകർപ്പ് നിഷേധിച്ച സംഭവം

T7000 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ കരയിൽ വാക്കേലി വീട്ടിൽ മനോജ്കുമാർ എന്നയാളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജനനതീയതി തിരുത്തി കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി കിട്ടുന്നതിനായി എം.എൽ.എ മുഖാന്തിരം സമർപ്പിച്ച അപേക്ഷയിൻമേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് എം.എൽ.എ.യ്ക്കോ പി.എ.യ്ക്കോ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് നൽകാതിരുന്നത് സംബന്ധിച്ച് 16.01.2014 ൽ പി.എ.യുടെ പരാതി സഹിതം സമർപ്പിച്ച എം.എൽ.എ.യുടെ പരാതിയിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പി.എ.യുടെ പരാതി സഹിതം എം.എൽ.എ സമർപ്പിച്ച പരാതി അടിസ്ഥാനരഹിതമാണെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**അമ്പലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ചുള്ള നവീകരണം**

7001 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് വിനിയോഗിച്ച് സ്കൂൾ നവീകരണം നടത്തുന്നതിന് 2013-14 കാലയളവിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) 2013 - 14 കാലയളവിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എസ്. എസ്. എ. ഫണ്ട് ഉപയോഗിച്ച് ചെയ്ത ജോലികൾ എന്തെല്ലാമായിരുന്നു; ഏതെല്ലാം സ്കൂളുകളിലാണ് ജോലികൾ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) 2013- 2014 -ൽ സ്കൂളുകളുടെ നവീകരണത്തിന് വിനിയോഗിക്കേണ്ട തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**<u>സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദി മെന്റലി ചലഞ്ചിഡ്<br>മേഖലാ കേന്ദ്രങ്ങൾ</u>**

7002 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദി മെന്റലി ചലഞ്ചിഡ് (എസ്.ഐ.എം.സി) മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) മലപ്പുറം, കാസർകോഡ് ജില്ലകളിൽ പുതിയ മേഖലാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കേരളത്തിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ അംഗസംഖ്യ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ വിദ്യാഭ്യാസത്തിനായുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സ്പോർട്സ് പരിശീലന സ്കൂളുകൾ</u>

7003 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്പോർട്സ് പരിശീലന സ്കൂളുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം ഇനങ്ങൾക്കാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്;

(ഡി) പുതുതായി സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) എങ്കിൽ അവ ഏതെല്ലാം ജില്ലകളിൽ, ഏതെല്ലാം ഇനങ്ങൾക്ക് പ്രാമുഖ്യം നൽകിയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പള്ളി ഗവ. സ്പോർട്സ് സ്കൂൾ ആരംഭിക്കാൻ നടപടി</u>

T7004 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഗവ: സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച ബഡ്ജറ്റ് നിർദ്ദേശപ്രകാരം സ്കൂളിന്റെ പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ്;

(ബി) അടുത്ത അധ്യയന വർഷത്തേയ്ക്ക് സ്പോർട്സ് സ്കൂൾ പ്രവർത്തനമാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>എസ്.എസ്.എ. വഴി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണങ്ങളുടെ വിതരണം</u>

7005 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14-ൽ എസ്.എസ്.എ. വഴി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ഉപകരണങ്ങളുടെ വിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് വിതരണം നടത്തിയത്; എല്ലാ കുട്ടികൾക്കും നൽകിയിട്ടുണ്ടോ; എല്ലാ സ്കൂളുകളിലും നൽകിയിട്ടുണ്ടോ;

(ബി) സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ നിലവിലുള്ള റേറ്റ് കോൺട്രാക്റ്റ് പ്രകാരം കെൽട്രോണിൽ നിന്നും മേപ്പടി ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് എസ്.എസ്.എ., 07/02/2014-ന് എ2-548/14/എസ്.എസ്.എ. നമ്പർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉത്തരവിൽ നിബന്ധന നമ്പർ 3 ഹിയറിംഗ് എയ്ഡുകളുടെ(ബി.റ്റി.ഇ) ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ് എന്ന് കഴിഞ്ഞ് SIEMENS എന്ന് ബ്രാക്കറ്റിൽ കൊടുത്തത് കൊണ്ട് എന്താണുദ്ദേശിക്കുന്നത്;

(ഇ) ഇത് ഏതെങ്കിലും കമ്പനിയുടെ പേരാണോ;

(എഫ്) എങ്കിൽ പ്രസ്തുത കമ്പനിയിൽ നിന്നും വാങ്ങണമെന്നാണോ ഉത്തരവ് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ജി) അങ്ങിനെയെങ്കിൽ SIEMENS എന്ന കമ്പനിയുടെ സംസ്ഥാനത്തിലെയോ, ദക്ഷിണേന്ത്യയിലെയോ വിതരണക്കാർ ആരാണ്;

(എച്ച്) ഇതുവരെ വിതരണത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഏതു കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ആലപ്പുഴ ജില്ലയിൽ എ.എസ്.എ.പി. അനുസരിച്ച് പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾ</u>

7006 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എ.എസ്.എ.പി. അനുസരിച്ച് എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്;

(ബി) കോഴ്സ് പൂർത്തിയാക്കിയ പ്രസ്തുത സ്കൂളിലെ കുട്ടികൾക്ക് ഇന്റേൺഷിപ്പ് നൽകാൻ ഏതെല്ലാം സ്ഥാപനങ്ങളെ/ഏജൻസികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ കോഴ്സുകൾ/ട്രേഡുകൾ/വിഷയങ്ങൾ ആണ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കോഴ്സുകൾ അനുവദിച്ചിട്ടുള്ള സ്കൂളുകൾ ജില്ലയിലെ മണ്ഡലം തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്കൂളുകൾ</u>

7007 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള എത്ര സ്കൂളുകളെയാണ് സർക്കാർ ഏറ്റെടുത്തത്;

(ബി) ഏറ്റെടുത്ത സ്കൂളുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സർക്കാർ സ്കൂളുകളിലെ ജീവനക്കാരുടെ ബില്ലുകൾ ട്രഷറിയിൽ നിന്നും മാറുന്നതുപോലെ പ്രസ്തുത ജീവനക്കാരുടെ ബില്ലുകളും മാറുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ അംഗീകാരമുള്ള മദ്രസ്സകൾ</u>

T7008 ശ്രീ. കെ ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര മദ്രസ്സകൾ ഉണ്ട്; അവ എവിടെയെല്ലാം എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മദ്രസ്സകൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ഗ്രാന്റ് ലഭിച്ചു എന്നത് വർഷം തിരിച്ചും മദ്രസ്സ തിരിച്ചും വിശദമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ഔപചാരിക വിദ്യാഭ്യാസം നേടാത്തവര്‍ക്ക് പ്രൊഫഷണല്‍ കോഴ്സുകള്‍ക്ക് പ്രവേശനം</u>

7009 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഔപചാരിക വിദ്യാഭ്യാസം നേടാത്തവര്‍ക്ക് നിശ്ചിത പ്രായം കഴിഞ്ഞാലും പ്രൊഫഷണല്‍ കോഴ്സുകള്‍ക്ക് പ്രവേശനം തേടുവാന്‍ അവസരം നല്‍കുന്നതിന് വിദ്യാഭ്യാസ വകുപ്പിനു കീഴില്‍ തുല്യതാ പരീക്ഷകള്‍ നടത്തുന്നുണ്ടോ; ഏതെല്ലാം നിലവാരത്തിലാണ് തുല്യതാപരീക്ഷകള്‍ നടത്തുന്നത് എന്നു വ്യക്തമാക്കുമോ; ഈ പരീക്ഷകള്‍ എഴുതുന്നതിനുള്ള നടപടിക്രമങ്ങള്‍ വിശദമാക്കുമോ;

(ബി) പ്ലസ് ടു തുല്യതാ പരീക്ഷ ആരംഭിക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ പ്ലസ് ടു തുല്യതാ പരീക്ഷ ആരംഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഐ. ഡി. എം. ഐ. പദ്ധതി പ്രകാരം കുട്ടനാട്ടിലെ സ്കൂളുകൾക്കനുവദിച്ച തുക</u>

7010 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ. ഡി. എം. ഐ. (Infrastructure Development in Minority Institutions)പദ്ധതി പ്രകാരം കുട്ടനാട്ടിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുക വീതം അനുവദിച്ചു നൽകി എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്കൂളുകളുടെ അപേക്ഷകൾ പരിഗണിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷ നിരസിച്ച സ്കൂളുകളുടെ കാരണസഹിതമുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ട്രെയിനിംഗ് പാർട്ട്ണർ സ്കീം</u>

7011 ശ്രീ. പാലോട് രവി
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗ് പാർട്ടണർ സ്കീമിന്റെ തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നല്കാമോ :

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

7012 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇപ്പോൾ എത്ര സ്കൂളുകളിലാണ് പ്രോഗ്രാം നടപ്പിലാക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പെരുമ്പാവൂർ കുറുപ്പംപടിയിലെ ഡയറ്റിൽ നിർമ്മാണം പൂർത്തിയാക്കാത്ത അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മന്ദിരം അസാപ് ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കി സ്കിൽ ഡെവലപ്മെന്റ് സെന്ററായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

വയനാട് ജില്ലയിൽ നടപ്പാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പ്രവർത്തന പുരോഗതി

7013 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുവോ; വിശദമാക്കുമോ ;

(സി) പദ്ധതിയുടെ ഭാഗമായുള്ള സ്കിൽ സെക്ടർ കോഴ്സ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള നിയന്ത്രണം</u>

7014 ശ്രീ. എ.കെ. ബാലൻ
,, വി. ശിവൻകുട്ടി
,, റ്റി.വി. രാജേഷ്
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ വല്ലതും നിലവിലുണ്ടോ ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ ;

(ബി) തിരുവനന്തപുരം കോട്ടൺഹിൽ സ്കൂൾ പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) പ്രധാനാദ്ധ്യാപികയുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം എന്തായിരുന്നു ; ഇതിന് പ്രസ്തുത അദ്ധ്യാപികയുടെ വിശദീകരണം തേടിയിരുന്നോ ; വിശദീകരണം നൽകുന്നതിന് എത്ര ദിവസത്തെ സാവകാശമാണ് നൽകിയത് ; വിശദീകരണം ലഭിച്ചതിനുശേഷമായിരുന്നോ നടപടിയെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്കൂൾ അദ്ധ്യയനസമയം നഷ്ടപ്പെടുത്തിക്കൊണ്ട് സ്കൂളുകളിൽ പൊതുപരിപാടികൾ സംഘടിപ്പിക്കുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക സമരംമൂലം അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടൽ</u>

7015 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അദ്ധ്യാപക-അനദ്ധ്യാപക സമരംമൂലം എത്ര അദ്ധ്യയനദിവസങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സർവ്വീസ് സംഘടനകളാണ് പ്രസ്തുത സമരങ്ങൾക്ക് നേതൃത്വം നൽകിയതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ബ്ലാക്ക് ബോർഡുകൾ മാറ്റി പച്ച നിറത്തിലുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവ്</u>

7016 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബ്ലാക്ക് ബോർഡുകൾ മാറ്റി പച്ച നിറത്തിലുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പച്ച നിറത്തിലുള്ള ബോർഡുകൾ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഏതെല്ലാം സ്കൂളുകളാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ഇ) സർക്കാർ ഉത്തരവ് ഇല്ലാതെ ഏതെങ്കിലും സ്കൂളുകൾ പ്രസ്തുത രീതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്കൂളുകളുടെ അധികാരികളുടെ പേരിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോട്ടൺഹിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപികക്കെതിരെ അച്ചടക്കനടപടി</u>

7017 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോട്ടൺ ഹിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപികക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേരള സർവ്വീസ് റൂൾസിലെയും കേരള വിദ്യാഭ്യാസചട്ടങ്ങളിലെയും കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെയും ഏതൊക്കെ ചട്ടപ്രകാരമാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പ്രധാനാദ്ധ്യാപികക്കെതിരെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്; ഈ ഉദ്യോഗസ്ഥൻ നടപടി റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് ആരുടെയൊക്കെ മൊഴിയെടുത്തെന്ന് വിശദമാക്കുമോ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, പ്രധാനാദ്ധ്യാപികക്ക് നൽകിയ മെമ്മോയുടെ പകർപ്പും ലഭ്യമാക്കാമോ;

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഗസ്റ്റ് ടീച്ചർ ശ്രീമതി ഇന്ദു എ.എസ്.-ന് വേതനം ലഭ്യമാകുന്നതിനുള്ള കാലതാമസം

7018 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്ക്കൂളിൽ ഹയർ സെക്കന്ററി ഗസ്റ്റ് ടീച്ചർ (ഇംഗ്ലീഷ്) ആയി 02.07.2012 മുതൽ 12.02.2013 വരെ ജോലി ചെയ്തിരുന്ന തട്ടാരമ്പലം, പേള, ആശ്യാരത്ത് വീട്ടിൽ ശ്രീമതി ഇന്ദു എ.എസ്. -ന് ടി കാലയളവിലെ വേതനം നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേതനം ലഭിക്കാനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ടി ആളുടെ വേതനം അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനു വേണ്ടി ശ്രീമതി പി.കെ. അമ്മിണി സമർപ്പിച്ച അപേക്ഷ</u>

7019 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വെള്ളിക്കുളങ്ങര ജൂനിയർ ബേസിക് സ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്തുകൊണ്ടിരിക്കെ 2.09.1978 ൽ കാണാതാവുകയും ഇന്നുവരെ കണ്ടെത്താൻ കഴിയാത്തതുമായ ശ്രീ. റ്റി.എ. ആൻഡ്രൂസ്, താഴത്തുവീട്ടിൽ, പേരാമ്പ്ര.പി.ഒ, കൊടകരയുടെ പെൻഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി ടിയാന്റെ ഭാര്യ ശ്രീമതി പി. കെ. അമ്മിണി സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപികയായ രാജി ജോസഫ് ഹൈക്കോടതിയിൽ നൽകിയ കേസ്</u>

7020 ശ്രീ. കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് മലപ്പുറം ജില്ലയിലെ വാവൂർ എം.എച്ച്.എം.എ. യു.പി. സ്കൂളിലെ അദ്ധ്യാപികയായ രാജി ജോസഫ് ഹൈക്കോടതിയിൽ നൽകിയ കേസിൻമേലുള്ള (കേസ് നം. 27412/2013) വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ആറുമാസത്തിനകം തീരുമാനം അറിയിക്കണമെന്ന ഹൈക്കോടതി വിധിപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് യോഗ്യതാ ടെസ്റ്റ്**

7021 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 50 വയസ് തികഞ്ഞതും എന്നാൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസാകാത്തതുമായ ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകുന്നതിന് യോഗ്യതാ ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ ഇളവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ടെസ്റ്റ് പാസാകണമെന്ന നിബന്ധന എത്ര നാളത്തേയ്ക്കാണ് ഒഴിവാക്കി നൽകിയിരിക്കുന്നത്;

(സി) 50 വയസ് പൂർത്തിയായിട്ടുള്ള ഹൈസ്കൂൾ അധ്യാപകർക്ക് പ്രമോഷൻ നൽകാൻ തീരുമാനിച്ചതിലൂടെ എത്ര അധ്യാപകർക്ക് ഇതിന്റെ ആനുകൂല്യം ഇടുക്കി ജില്ലയിൽ ലഭിക്കും;

(ഡി) പ്രസ്തുത അധ്യാപകർക്ക് പ്രമോഷൻ നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച തുക</u>

7022 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്താറുണ്ടോ ;

(ബി) 2013 അദ്ധ്യയന വർഷം എറണാകുളം ജില്ലയിലെ സ്കൂളുകളിലെ മൂത്രപ്പുര, ടോയ്ലെറ്റ്, കുടിവെള്ളം എന്നീ സൗകര്യങ്ങളുടെ വികസനത്തിന് എത്ര തുകയാണ് അനുവദിച്ചത് ; ഇതിൽ എത്ര രൂപ ചെലവഴിച്ചു ; സബ്ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രവൃത്തി ഏറ്റെടുക്കാത്ത എറണാകുളം ജില്ലയിലെ സ്കൂളുകൾ ഏതൊക്കെയെന്ന് സബ് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഏതൊക്കെ സ്കൂളുകൾക്കുള്ള തുകയാണ് തടഞ്ഞ് വെച്ചിരിക്കുന്നതെന്നും ഇതിന്റെ കാരണവും വ്യക്തമാക്കാമോ ;

(ഇ) എറണാകുളം ജില്ലയിൽ 2014 മാർച്ചിൽ വിരമിച്ച എത്ര പ്രധാന അദ്ധ്യാപകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നും അതിന്റെ കാരണവും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പയ്യോളി പഞ്ചായത്തിൽ സർക്കാർ ഹൈസ്കൂൾ</u>

7023 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പയ്യോളി പഞ്ചായത്തിൽ നിലവിൽ സർക്കാർ ഹൈസ്കൂൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പയ്യോളി പഞ്ചായത്തിലെ കീഴൂർ ഗവ. യു.പി. സ്കൂൾ ആർ.എം.എസ്.എ. പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നുവോയെന്ന് വിശദമാക്കാമോ;

(സി) ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ആരിൽ നിന്നെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) പ്രസ്തുത സ്കൂളിന്റെ അപ്ഗ്രഡേഷൻ സംബന്ധിച്ച് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറോട് പൊതു വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം കത്തിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(എഫ്) വിദ്യാഭ്യാസ ഉപഡയറക്ടർ ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ജി) കീഴൂർ ഗവ. യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സർക്കാർ/എയ്ഡഡ്</u>
<u>എൽ.പി. സ്കൂളുകളിലെ കുട്ടികളുടെ എണ്ണം</u>

7024 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് എൽ.പി. സ്കൂളുകളിലെ കൂട്ടികളുടെ വർഷാരംഭ കണക്കെടുപ്പ് അവസാനിച്ചിട്ടുണ്ടോ; ഈ വിദ്യാഭ്യാസ വർഷം ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചുവോ; എങ്കിൽ വിശദാംശം സർക്കാർ/എയ്ഡഡ് സ്കൂൾ തിരിച്ച് അറിയിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>എയ്ഡഡ് എൽ. പി. സ്കൂളുകളിൽ ലീവ് വേക്കൻസിയിൽ നിയമിതരായിട്ടുള്ളവരുടെ 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം</u>

7025 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദീർഘകാല അവധിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് പകരമായി എയ്ഡഡ് എൽ. പി. സ്കൂളുകളിൽ ലീവ് വേക്കൻസിയിൽ നിയമിതരായിട്ടുള്ളവരുടെ 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതമാണോ നിലവിലുള്ളത്;

(ബി) അദ്ധ്യാപക പാക്കേജിന്റെ ഭാഗമായവർക്ക് എത്രയാണ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതമെന്ന് വ്യക്തമാക്കാമോ;

(സി) ഇതേ അനുപാതം ദീർഘകാല അവധിയിൽ പ്രവേശിച്ചവരുടെ ഒഴിവിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്കും ബാധകമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) 1:45 അനുപാതം ഇല്ലാത്തതിനാൽ ഇത്തരത്തിൽ ലീവ് വേക്കൻസിയിൽ ജോലി ചെയ്തു വരുന്ന അധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത്തരം അധ്യാപകർക്ക് ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പ്ലസ് വൺ പ്രവേശനത്തിനുള്ള സംവരണ മാനദണ്ഡങ്ങൾ</u>

7026 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിനുള്ള നടപടിക്രമങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംവരണ ആനുകൂല്യങ്ങൽ പാലിച്ചുകൊണ്ടാണ് പ്രവേശനം നടത്തുന്നതെന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(സി) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 30 ജാതികളെ ഒ.ഇ.സി. യിൽപ്പെടുത്തി എസ്.സി. വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളോടെ പ്രവേശനം നടത്തുന്നതിനുള്ള ഉത്തരവ് അടിസ്ഥാനമാക്കിയിട്ടാണ് പ്രവേശനം നൽകുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

സി.ബി.എസ്.ഇ. സ്കൂൾതല പരീക്ഷകളിൽ അധികൃതരുടെയും മാനേജ്മെന്റുകളുടെയും സ്വാധീനം

7027 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.ബി.എസ്.ഇ. സ്കൂൾതല പരീക്ഷകളിൽ സ്കൂൾ അധികൃതരും മാനേജ്മെന്റുകളും പരീക്ഷയുടെ മൂല്യനിർണ്ണയത്തെ സ്വാധീനിക്കുന്നു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം</u>

7028 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി കണക്കാക്കുന്നത് എന്തൊക്കെ മാനദണ്ഡമനുസരിച്ചാണ്;

(ബി) 16/3/1996-ലെ ജി.ഒ.(എം.എസ്)11/96/P&ARD നമ്പർ ഉത്തരവ് അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി കണക്കാക്കുന്നതിന് ബാധകമാണോ; പുതുതായി ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് ബാധകമാണെങ്കിൽ ഇതിനു വിരുദ്ധമായി അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷയും സർക്കുലറും പുറപ്പെടുവിക്കാനുള്ള സാഹചര്യം എന്താണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ</u>

7029 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തെ അദ്ധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ 14.06.2014 -ന് മുമ്പായി പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) ഏതെല്ലാം ജില്ലകളിൽ സമയ പരിധിക്കകം ഇത് പൂർത്തിയാക്കിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ</u>
<u>അന്തർജില്ലാ സ്ഥലം മാറ്റം</u>

7030 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർ അന്തർജില്ലാ സ്ഥലം മാറ്റം വഴി മറ്റു ജില്ലയിലേക്ക് പോകുന്നതിന് നിലിവിൽ എന്തൊക്കെ വ്യവസ്ഥകളാണ് ഉള്ളത്; ഇതിന് മിനിമം സർവ്വീസ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്;

(ബി) അന്തർജില്ലാ സ്ഥലം മാറ്റം ലഭിക്കുന്നവർക്ക് പുതിയ ജില്ലയിൽ മുൻകാലങ്ങളിൽ സീനിയോറിറ്റി നൽകാറുണ്ടായിരുന്നോ; ഇപ്പോൾ ഇതിൽ ഏതെങ്കിലും തരത്തിൽ മാറ്റം വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) അന്തർജില്ലാ സ്ഥലംമാറ്റം വഴി പുതിയ ജില്ലയിൽ വരുന്നവർ, നേരത്തെ ഈ ജില്ലയിൽ നിലവിലുണ്ടായിരുന്നവരുടെ അതേ സീനിയോറിറ്റിയിൽ തുടരാൻ കഴിയും വിധം ഉത്തരവിറക്കിയിട്ടുണ്ടോ; കോപ്പി ഹാജരാക്കാമോ;

(ഡി) ജില്ലയിൽ തന്നെ തുടർന്നുവരുന്നവരുടെ സീനിയോറിറ്റി സംരക്ഷിച്ചുകൊണ്ട്, അന്തർജില്ലാ സ്ഥലംമാറ്റം വഴി എത്തുന്നവരെ ജില്ലയിലെ ജൂനിയർമാരാക്കിത്തന്നെ നിലനിർത്തുന്ന പഴയ ഉത്തരവ് നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

വിദ്യാഭ്യാസ വകുപ്പിലെ പി.എ. തസ്തിക പുനർനാമകരണം

7031 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ പി.എ. തസ്തിക പുനർനാമകരണം ചെയ്യുന്നതിന് ആരെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക ഏത് പേരിൽ പുനർനാമകരണം ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) പ്രസ്തുത നിവേദനം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ തസ്തിക നിർണ്ണയം</u>

7032 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.ഐ.ഡി. കംപ്ലീറ്റ് ആയിട്ടും തസ്തിക നിർണ്ണയം നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില സ്കൂളുകളിലെ തസ്തിക അധികമാണെന്നും ചില സ്കൂളുകളിൽ കുറവാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അദ്ധ്യാപക തസ്തിക നിർണ്ണയത്തിലെ അപാകത</u>

7033 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചെറുകുളമ്പ് ഐ.കെ.ടി. ഹയർ സെക്കന്ററി സ്കൂളിലെ 2011-12, 2012-13 വർഷങ്ങളിലെ അധ്യാപക തസ്തിക നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത വർഷങ്ങളിൽ എച്ച്.എസ്.എസ്.ടി (സീനിയർ), എച്ച്.എസ്.എസ്.ടി (ജൂനിയർ) അപ്ഗ്രഡേഷൻ വിഭാഗങ്ങളിലായി എത്ര തസ്തികകളാണ് അനുവദിക്കേണ്ടത്; ഇതിനകം എത്ര തസ്തികകൾ അനുവദിച്ചു നൽകി; വിശദാംശം നൽകുമോ ;

(സി) ജി.ഒ.(എം.എസ്.) നം: 398/2012 പൊ.വി. തീയതി 29.11.2012 പ്രകാരം പ്രസ്തുത വിദ്യാലയത്തിൽ 2011-12, 2012-13 വർഷങ്ങളിൽ അനുവദിക്കേണ്ട കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എച്ച്.എസ്.എസ്.ടി (ജൂനിയർ) ഒരു തസ്തികയും മലയാളം അപ്ഗ്രഡേഷൻ തസ്തികയും എത്രയും വേഗം അനുവദിച്ച് നിലവിലുള്ള ഉത്തരവിലെ അപാകതകൾ പരിഹരിച്ച് ഉത്തരവിറക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂളുകൾക്ക് കണ്ടിജൻസി കുടിശ്ശിക നൽകാൻ നടപടി

7034 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉച്ചഭക്ഷണ വിതരണ പരിപാടിയനുസരിച്ച് കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മേലടി, കൊയിലാണ്ടി ഉപജില്ലകളിൽപ്പെടുന്ന വിദ്യാലയങ്ങൾക്ക് എത്ര തുക കണ്ടിജൻസി ഇനത്തിൽ വിതരണ കുടിശ്ശിക ഉണ്ട്; എത്ര മാസത്തെ തുക കുടിശ്ശിക ഉണ്ട്; കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) കണ്ടിജൻസി ഇനത്തിൽ വലിയ തുക കുടിശ്ശിക വരുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) സ്കൂളുകൾക്ക് കുടിശ്ശിക തുക എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ; ഇതിനായി ഉടനെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

താമരശ്ശേരി ഡി.ഇ.ഒ. ഓഫീസിൽ ജീവനക്കാരുടെ അപര്യാപ്തത

7035 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഡി.ഇ.ഒ. ഓഫീസിൽ ജീവനക്കാരുടെ അപര്യാപ്തത മൂലം ഓഫീസ് പ്രവർത്തനത്തിനുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വകുപ്പിൽ ക്ലാസ്സ്-IV ജീവനക്കാർക്ക് സ്ഥാനക്കയറ്റം</u>

7036 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് നം.1/2014 ഉ.ഭ.പ.തി: 3/1/2014 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര ശതമാനം ക്ലാസ്സ് IV ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിച്ചു എന്നത് വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാസ്സ് IV ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടോ; ഇത് പ്രകാരം എത്ര പേർക്ക് സ്ഥാനക്കയറ്റം ലഭിച്ചു; സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പരിൽ എത്ര വരെയുള്ള ജീവനക്കാർക്ക് പ്രമോഷൻ ലഭിച്ചു എന്നും വിശദമാക്കാമോ;

(സി) 10% പ്രമോഷൻ ഉത്തരവ് നടപ്പാക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ആർ.എം.എസ്.എ പദ്ധതി

7037 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്കന്ററി വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനും ഇതിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്നും എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. പദ്ധതിയിൽ മതിയായ അദ്ധ്യാപകരില്ലാത്തത്</u>

7038 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളായി ഉയർത്തിയ സ്കൂളുകളിൽ മതിയായ അദ്ധ്യാപകരില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി എന്ന് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ആർ.എം.എസ്.എ. കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഹൈസ്കൂളുകൾ

7039 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പുതിയ ഹൈസ്കൂളുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ഇനിയും ഹൈസ്കൂളുകൾ ലഭിക്കുന്നതിലേക്കായി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളാണുള്ളത് ; ഇത് ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഇടുക്കി ജില്ലയിൽ ആർ.എം.എസ്.എ. പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ</u>

7040 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ ആർ.എം.എസ്സ്.എ. പ്രകാരം അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;

(ബി) ഇടുക്കി ജില്ലയിൽ ഇപ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകൾ ഏതൊക്കെയാണ് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ആർ.എം.എസ്.എ. സ്കീം പ്രകാരം ഹൈസ്കൂൾ ആരംഭിച്ചിട്ടുള്ള ഈ സ്കൂളുകളിൽ അധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സ്കൂളുകളിൽ അധ്യാപനം നടത്താൻ എന്തു സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്;

(ഡി) ഈ സ്കൂളുകളിൽ നിലവിലുള്ള എച്ച്.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**ആർ.എം.എസ്.എ. പദ്ധതിയിൽപെടുത്തി ഹൈസ്കൂൾ ആയി ഉയർത്തിയ സ്കൂളുകൾ**

7041 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അധ്യയന വർഷം ആർ.എം.എസ്.എ. പദ്ധതിയിൽപെടുത്തി ഹൈസ്കൂൾ ആയി ഉയർത്തിയ സ്കൂളുകളിൽ ആവശ്യത്തിന് അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2013-14 വർഷം ആരംഭിച്ച സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉത്തരവ് ലഭ്യമാക്കാമോ;

(ഡി) കണ്ണൂർ ജില്ലയിൽ തവിടിശ്ശേരി ഗവ. ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. യുടെ ഭാഗമായി ഹൈസ്കൂളായി ഉയർത്തിയ യു.പി. സ്കൂളുകൾ</u>

7042 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ.യുടെ ഭാഗമായി ഏതെല്ലാം യു.പി. സ്കൂളുകളെ ഹൈസ്കൂളായി ഉയർത്തി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ പശ്ചാത്തല വികസനത്തിന് ആർ.എം.എസ്.എ. യുടെ ഫണ്ട് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ. പദ്ധതി പ്രകാരമുള്ള ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം</u>

7043 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഇതുവരെ എത്ര ഹൈസ്കൂളുകളാണ് അനുവദിച്ചിട്ടുള്ളത്; ഇവയുടെ പേര് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കിയതുമൂലം പല സർക്കാർ സ്കൂളുകളും സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപ വീതമാണ് ഓരോ സ്കൂളിനും ആദ്യഘട്ടമായി അനുവദിക്കാൻ തീരുമാനിച്ചത്; എത്ര സ്കൂളുകൾക്ക് നൽകി; ബാക്കിയുള്ള സ്കൂളുകൾക്ക് നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ട്;

(ഡി) ഹൈസ്കൂളുകൾ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലാണെങ്കിലും പല സ്കൂളുകളിലും പ്രസ്തുത സ്കീമനുസരിച്ച് കെട്ടിടം നിർമ്മിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സ്കൂളുകളിൽ കെട്ടിടം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അധ്യാപക ബാങ്കിൽ നിന്ന് നിയമനം</u>

7044 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ശൂന്യവേതന അവധിയിൽ പോകുന്ന അധ്യാപകർക്കു പകരം ലീവ് വേക്കൻസിയിൽ അധ്യാപകരെ നിയമിക്കേണ്ടത് അധ്യാപക ബാങ്കിൽ നിന്ന് വേണമെന്ന് സർക്കുലർ ഇറക്കിയിട്ടുണ്ടോ;

(ബി) അധ്യാപക ബാങ്കിൽ മതിയായ അധ്യാപകർ ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനം നടത്താൻ നിലവിൽ കഴിയുമോ;

(സി) ഇല്ല എങ്കിൽ പ്രസ്തുത തസ്തികകൾ നികത്താൻ എന്തു മാർഗ്ഗമാണ് സ്വീകരിക്കുക എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>എസ്. എസ്. എ. യിലെ റിസോഴ്സ് അദ്ധ്യാപകരുടെ കരാർ നിയമനം</u>

7045 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ റിസോഴ്സ് അദ്ധ്യാപകരായി കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നവർ ഓരോ വർഷവും കരാർ പുതുക്കാറുണ്ടോ;

(ബി) 2014-15 വർഷത്തെ കരാർ ഇതുവരെ പുതുക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>കായികാദ്ധ്യാപക നിയമനം</u>

7046 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ കുറവുമൂലം അധ്യാപക തസ്തിക നഷ്ടപ്പെടാതിരിക്കാൻ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:35 ആക്കി കുറയ്ക്കുന്നതിന് ഉത്തരവായതുപോലെ ഈ ആനുകൂല്യം യു. പി. സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കു കൂടി സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അപ്പർപ്രൈമറിയിൽ 12 പീരിയഡ് എങ്കിലും ഉള്ള കായികാദ്ധ്യാപകരെ അതത് സ്കൂളുകളിൽത്തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അപ്പർ പ്രൈമറി മുതലുളള എല്ലാ വിദ്യാലയങ്ങളിലും ഒരു കായിക അദ്ധ്യാപകനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂൾ കായികാദ്ധ്യാപകർക്ക് വിവിധ കായിക ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കണമെന്നത് സംബന്ധിച്ച നിലവിലുളള നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാകുമോ;

(ഇ) സബ്ജില്ല, ജില്ലാ കായിക മേളയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ യുവജനോത്സവത്തിൽ നൽകുന്നതു പോലെ ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്</u>

7047 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ 2012 മാർച്ച് 9-ന് നിലവിൽ വന്ന എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ഓപ്പൺ, സംവരണം എന്നീ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഭാഗത്തിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിൻപ്രകാരം നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾ മൂലം തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് ഇത്തരം ഒഴിവുകൾ ഉപയോഗിക്കുന്നത് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം പ്രതീക്ഷിക്കുന്ന തൊഴിൽരഹിതരുടെ അവസരങ്ങൾ നഷ്ടപ്പെടുത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം നിയമനം യഥാസമയം നടക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ എൽ.പി. സ്കൂൾ അധ്യാപകരുടെ നിയമനം</u>

7048 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എൽ.പി. സ്കൂൾ അധ്യാപകരുടെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ;

(സി) അധ്യാപക വിദ്യാർത്ഥി അനുപാതം 1:45ൽ നിന്ന് 1:30 ആക്കി കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇങ്ങനെ അനുപാതം കുറയ്ക്കുന്നത് മൂലം കോഴിക്കോട് ജില്ലയിൽ എൽ.പി. സ്കൂൾ അധ്യാപകരുടെ എത്ര പുതിയ ഒഴിവുകൾ വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഇങ്ങനെയുണ്ടാകുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

എൽ.പി.എസ്.എ. ആയി നിയമനം ലഭിച്ച ശ്രീമതി ബിജി പൗലോസിന്റെ നിയമനം

7049 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ലിറ്റിൽ ഫ്ളവർ കോൺവെന്റ് എൽ.പി. സ്കൂളിലെ എൽ.പി.എസ്.എ.യായി നിയമനം ലഭിച്ച ശ്രീമതി ബിജി പൗലോസിന്റെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച അപേക്ഷയിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഷിഫ്റ്റ് തസ്തികയിൽ നിയമിച്ച 76 എൽ.പി.എസ്.എ. മാർക്ക് ശമ്പളവും നിയമനാംഗീകാരവും ലഭിക്കാത്തത്

7050 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷിഫ്റ്റ് തസ്തികയിൽ നിയമിച്ച 76 എൽ.പി.എസ്.എ. മാർക്ക് 2010 മുതൽ ശമ്പളവും നിയമനാംഗീകാരവും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 5 വർഷമായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

എച്ച്.എസ്.എസ്.ടി. മലയാളം ആയി പ്രൊമോഷൻ

7051 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.പി/എച്ച്.എസ്.എ. വിഭാഗങ്ങളിൽ നിന്ന് എത്ര ശതമാനം അദ്ധ്യാപകർക്കാണ് എച്ച്.എസ്.എസ്.ടി മലയാളം ആയി പ്രൊമോഷൻ നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) എത്ര അദ്ധ്യാപകർക്ക് 2012 നുശേഷം ഇപ്രകാരം പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സീനിയോറിറ്റി മറികടന്ന് ഡി.ഡി.ഇ. ഓഫീസുകളിലെ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ് നിയമനം</u>

7052 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീനിയോറിറ്റി മറികടന്ന് ഡി.ഡി.ഇ. ഓഫീസുകളിലെ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റായി ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇപ്രകാരം നിയമനം നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) ഇപ്രകാരം സീനിയോറിറ്റി മറികടന്ന് നിയമനം നൽകാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) സീനിയോറിറ്റി മറികടന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എങ്കിൽ ഇക്കാര്യം അന്വേഷിച്ച് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം</u>

7053 ശ്രീ. വി.എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 2013-ൽ നിലവിൽ വന്ന യു.പി.എസ്.എ. (മലയാളം മീഡിയം) പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>തിരുവനന്തപുരം ജില്ലയിലെ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയുടെ അംഗീകാരം</u>

7054 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിൽ എത്ര ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക അംഗീകരിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾ ജോലി നോക്കിവരുന്നുണ്ട്; താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നവർ ഏതൊക്കെ സ്കൂളികളിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (സംസ്കൃതം) നിയമനത്തിനുള്ള കാലതാമസം</u>

7055 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (സംസ്കൃതം) സംവരണപ്രകാരം നിയമനത്തിന് അഡൈ്വസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നാല് മാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഡൈ്വസ് മെമ്മോ ലഭിച്ചവർക്ക് ഉടൻ നിയമനം നൽകുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത്/നഗരസഭ അധീനതയിലുള്ള സ്കൂളുകളിലെ പി. ടി. സി.എം. നിയമനം</u>

7056 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്തിട്ടുള്ള പഞ്ചായത്ത്/നഗരസഭ അധീനതയിലുള്ള സ്കൂളുകളിലെ പി. ടി. സി. എം. നിയമനം നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പി. ടി. സി.എം. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സ്കുളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പുനലൂർ നഗരസഭയിലെ തൊളിക്കോട് എൽ. പി. സ്കൂളിൽ ഇപ്പോൾ പി. ടി. സി.എം. തസ്തികയിൽ ആരെങ്കിലും ജോലിചെയ്യുന്നുണ്ടോ;

(ഡി) സ്റ്റാഫ് ഫിക്സേഷനിൽ ടി സ്കൂളിൽ പി. ടി. സി. എം. തസ്തിക നിർണ്ണയിച്ച് നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ടി സ്കൂളിൽ അടിയന്തരമായി പി. ടി. സി. എം.നെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

എച്ച്.എസ്.എ. ഇംഗ്ലീഷ് റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം

7057

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനനടപടികൾ ത്വരിതപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

എച്ച്.എച്ച്.എസ്.ടി. സീനിയർ/ജൂനിയർ റാങ്ക് ലിസ്റ്റ്

7058 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. സീനിയർ/ജൂനിയർ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നുണ്ടായിട്ടുള്ള നിയമനത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) റാങ്ക് ലിസ്റ്റ്

7059 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇക്കഴിഞ്ഞ ഒമ്പതുമാസത്തിനുള്ളിൽ എത്ര പേർക്ക് നിയമനം നല്കി എന്നും അത് ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) സ്റ്റാഫ് ഫിക്സേഷൻ യഥാസമയം നടക്കാത്തതിനാലും ഹൈസ്കൂളിൽ നിന്നും ഹയർ സെക്കന്ററിയിലേക്ക് നടക്കേണ്ട പ്രമോഷനുകൾ കൃത്യമായി നടക്കാത്തതിനാലും കാലാവധി ദീർഘപ്പിച്ചതിന്റെ പ്രയോജനം ടി റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് കിട്ടാത്ത സാഹചര്യത്തിൽ സ്റ്റാഫ് ഫിക്സേഷനും ഹൈസ്കൂളിൽ നിന്നു ഹയർ സെക്കന്ററിയിലേക്കുള്ള പ്രമോഷനും ഈ മാസം തന്നെ പൂർത്തിയാക്കി പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവർക്ക് ഉടൻതന്നെ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>എം.എച്ച്.എസ്.എസ്. മുന്നിയൂരിലെ അദ്ധ്യാപകന്‍ ശ്രീ. അനീഷ് കെ.കെ. യെ സര്‍വ്വീസില്‍ നിന്നും പിരിച്ചുവിടല്‍</u>

7060 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സബ് ജില്ലയിലെ എം.എച്ച്.എസ്.എസ്. മുന്നിയൂരിലെ അദ്ധ്യാപകന്‍ ശ്രീ. അനീഷ് കെ. കെ. യെ സര്‍വ്വീസില്‍ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത് ഏതെല്ലാം അന്വേഷണ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കുമോ;

(സി) അന്വേഷണം നടത്തിയ ഉദ്യോഗസ്ഥര്‍ ആരെല്ലാമാണ്; ഇവരുടെ ഉദ്യോഗപ്പേര് വിശദമാക്കാമോ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥര്‍ക്ക് എന്തൊക്കെ തെളിവുകളാണ് ടിയാനെതിരെ ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഇ) അന്വേഷണ റിപ്പോര്‍ട്ടിന്റെയും, ഹാജരാക്കിയ തെളിവുകളുടെയും പകര്‍പ്പുകള്‍ നല്‍കാമോ;

(എഫ്) നടപടിക്ക് വിധേയനായ അദ്ധ്യാപകന്‍ സ്കൂളിലെ മറ്റേതെങ്കിലും ജീവനക്കാരുമായി വാക്കുതര്‍ക്കമോ, അടിപിടിയോ ഉണ്ടായിട്ടുണ്ടോ; എങ്കില്‍ ആരുമായിട്ടാണ്;

(ജി) ഇതില്‍ ആര്‍ക്കെങ്കിലും പരിക്കേറ്റിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആര്‍ക്കാണ് പരിക്കേറ്റത്;

(എച്ച്) പരിക്കേറ്റ കക്ഷിയെ ആശുപത്രിയില്‍ അഡ്മിറ്റ് ചെയ്തിട്ടുണ്ടോ; എങ്കില്‍ എത് ആശുപത്രിയില്‍ എത്ര ദിവസം;

(ഐ) ചികിത്സിച്ച ഡോക്ടറുടെ പേരും യോഗ്യതകളും വിശദമാക്കാമോ;

(ജെ) എന്തെല്ലാം പരിക്കുകളാണ് ഡോക്ടര്‍ കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; മെഡിക്കല്‍ റിപ്പോര്‍ട്ടിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

(കെ) നിലവിലെ സ്ക്കൂൾ മാനേജർ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട അംഗമാണോ; എങ്കിൽ ഏതു സ്ഥാപനത്തിൽ, ഏതു പദവിയിൽ, ഏതു കക്ഷിയുടെ പ്രതിനിധി ആണെന്ന് വിശദമാക്കാമോ;

(എൽ) പിരിച്ചുവിടപ്പെട്ട അദ്ധ്യാപകൻ 2013-ൽ അദ്ധ്യാപകർ നടത്തിയ പണിമുടക്കിൽ പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ദിവസം;

(എം) മാനേജരും പിരിച്ചുവിടപ്പെട്ട അദ്ധ്യാപകനും തമ്മിൽ രാഷ്ട്രീയ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എൻ) ഇത് ടിയാനെതിരെ നടപടി എടുക്കുന്നതിൽ ഏതെങ്കിലും തരത്തിൽ സ്വാധീനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>തസ്തിക നിർണ്ണയത്തിലൂടെ പുറത്താകുന്ന അദ്ധ്യാപകരുടെ സ്വയം വിരമിക്കൽ</u>

7061 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തസ്തിക നിർണ്ണയത്തിലൂടെ പുറത്താകുന്ന അദ്ധ്യാപകർക്ക് സ്വയം വിരമിക്കലിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) സ്വയം വിരമിക്കലിന് പ്രസ്തുത ഉത്തരവ് പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചു; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ഹയർ സെക്കണ്ടറി പ്രവേശനത്തിനായി</u>
<u>കായിക താരങ്ങൾക്കുള്ള സംവരണം</u>

7062 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി പ്രവേശനത്തിനായി കായികതാരങ്ങൾക്കായി ഓരോ ജില്ലയിലും എത്ര സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സീറ്റുകളിലേയ്ക്ക് കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കായിക താരങ്ങൾക്ക് സംവരണം ചെയ്ത സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള കൃത്രിമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) കായികതാരങ്ങൾക്ക് സംവരണം ചെയ്ത സീറ്റിൽ കായികതാരങ്ങളല്ലാത്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പുതിയ ഹയർ സെക്കണ്ടറി ബാച്ച്</u>

7063 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ബാച്ച് പുതിയതായി അനുവദിയ്ക്കുന്നത് നിർത്തിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ നേരിടുന്ന പ്രായോഗിക തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ആകെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര ബാച്ചുകൾ അധികമായി അനുവദിയ്ക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ഹയർ സെക്കണ്ടറി അനുവദിയ്ക്കപ്പെട്ടിട്ടുള്ള നിലവിലുള്ള ബാച്ചുകൾ വിഷയാടിസ്ഥാനത്തിൽ പരിശോധിച്ച് ഏതെല്ലാം വിഷയങ്ങൾക്ക് എത്ര ബാച്ചുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) വിഷയങ്ങൾ നിശ്ചയിക്കുന്നതിന് മാനദണ്ഡം നിലവിലുണ്ടോ ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുകൾ</u>

7064

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. സീനിയർ. ജൂനിയർ ഹിസ്റ്ററി വിഭാഗം അധ്യാപകരുടെ ആകെ എത്ര ഒഴിവുകൾ 1.08.2008 മുതൽ നാളിതുവരെയുള്ള കാലയളവിൽ ഉണ്ടായി; വിശദവിവരം നൽകാമോ;

(ബി) അവയിൽ എത്ര എണ്ണത്തിൽ ജൂനിയർ അധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി; ബാക്കിയുള്ള ഒഴിവുകൾ എത്ര;

(സി) അവയിൽ 1:3 എന്ന അനുപാത പ്രകാരം എത്ര വീതം ഒഴിവുകൾ തസ്തിക മാറ്റം (എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ.) വഴി നിയമിക്കുന്നതിനായി മാറ്റിവെയ്ക്കപ്പെട്ടു;

(ഡി) എത്ര വീതം ഒഴിവുകൾ പി.എസ്.സി.യിൽ നിന്നും ജനറൽ റിക്രൂട്ട്മെന്റിലൂടെ നിയമിക്കുന്നതിനായി റിപ്പോർട്ട് ചെയ്തു;

(ഇ) അവയിൽ എത്ര എണ്ണത്തിന് പി.എസ്.സി.യിൽ നിന്ന് നിയമന ശുപാർശ ചെയ്തു; എത്ര പേർ ഉദ്യോഗത്തിൽ പ്രവേശിച്ചു;

(എഫ്) തസ്തികമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകൾ നിർദ്ദിഷ്ട 25% നിരക്കിനെ അധികരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ജി) പുതിയ പ്ലസ് ടു ബാച്ച് അനുവദിക്കുമ്പോൾ സയൻസ് കോമ്പിനേഷന് ആനുപാതികമായി ഹുമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഈ കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കുടിവെള്ള പദ്ധതിക്ക് വയലാ ഗവൺമെന്റ് ഹയർസെക്കന്ററി സ്ക്കൂളിന്റെ സ്ഥലം വിട്ടുനൽകുന്നതിനുള്ള ശുപാർശ</u>

7065 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അലയമൺ-ഇട്ടിവ കുടിവെള്ള പദ്ധതിയ്ക്ക് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് വയലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിന്റെ കോമ്പൗണ്ടിലെ 6 സെന്റ് സ്ഥലം വിട്ടു നൽകുന്നതിനുള്ള ശുപാർശയിൻമേൽ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ശുപാർശയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ നോൺ വൊക്കേഷണൽ അദ്ധ്യാപകർ</u>

7066 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അധ്യാപകരുടെയും വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ നോൺ വൊക്കേഷണൽ അധ്യാപകരുടെയും പ്രൊമോഷൻ/ജോലി സമയം ഇവയിൽ വിവേചനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 5 വർഷം സർവ്വീസ് കാലാവധി പൂർത്തിയായ നോൺ വൊക്കേഷണൽ ജൂനിയർ അധ്യാപകരെ സീനിയർ അധ്യാപകരായി സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എയ്ഡഡ് മേഖലയിൽ നോൺ വൊക്കേഷണൽ ജൂനിയർ ടീച്ചർ തസ്തിക നിലവിലുണ്ടോ; എയ്ഡഡ് മേഖലയിലെ നോൺ വൊക്കേഷണൽ ടീച്ചർ തസ്തിക കണക്കാക്കുന്നതിനുള്ള പ്രവൃത്തി സമയം, മറ്റ് മാനദണ്ഡങ്ങൾ എന്നിവ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ വർഷംതോറുമുള്ള പൊതുസ്ഥലംമാറ്റം</u>

7067 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ വർഷംതോറുമുള്ള പൊതുസ്ഥലംമാറ്റം നടത്താറില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ അവസാനമായി പൊതുസ്ഥലംമാറ്റം നടത്തിയത് എന്നാണ്;

(സി) ഈ വർഷം അധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും ഇൻസ്ട്രക്ടർമാരുടെയും പൊതുസ്ഥലം മാറ്റം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വർഷംതോറും വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് പൊതുസ്ഥലംമാറ്റം നടക്കാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഹയർസെക്കന്ററി സ്കൂളിൽ ബൈട്രാൻസ്ഫർ വഴിയുള്ള അദ്ധ്യാപകരുടെ നിയമനം</u>

7068 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളിൽ ബൈട്രാൻസ്ഫർ വഴി അദ്ധ്യാപകരെ ഏറ്റവും അവസാനം നിയമിച്ചത് എന്നാണ്;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ബൈട്രാൻസ്ഫർ വഴി ഹയർ സെക്കന്ററി അധ്യാപക നിയമനം</u>

7069 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബൈട്രാൻസ്ഫർ വഴി ഹയർസെക്കന്ററി അദ്ധ്യാപകരായി ഏറ്റവും അവസാനം നിയമിച്ചത് എന്നാണ്;

(ബി) ഈ നിയമനം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എന്നത്തേയ്ക്ക് നിയമനം നടക്കുമെന്നും ഇത്തരത്തിൽ എത്രപേർക്ക് നിയമനം നടത്താൻ കഴിയും എന്നും വെളിപ്പെടുത്താമോ;

(ഡി) നിയമനത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളുകളുടെയും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെയും പ്രവൃത്തി ദിവസം അഞ്ച് ദിവസമായി കുറയ്ക്കൽ

7070

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും പ്രവൃത്തി ദിവസങ്ങളിലെ വ്യത്യാസം പ്രയാസം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. വഴി എച്ച്.എസ്.എസ്.ടി. തസ്തികയിൽ നിയമനം

7071

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. വഴി എച്ച്.എസ്.എസ്.ടി. തസ്തികയിൽ നിയമനം ലഭിച്ചവർക്ക് അഞ്ച് വർഷത്തിനുള്ളിൽ സീനിയോറിറ്റി തസ്തികയിൽ പ്രമോഷൻ നൽകുന്ന സാഹചര്യത്തിൽ എയ്ഡഡ് മേഖലയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിൽ നിയമനം ലഭിക്കുന്ന അധ്യാപകർ അതേ തസ്തിയിൽ നിന്നുതന്നെ വിരമിക്കുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തി ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഡി) ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ജിയോളജി പഠിപ്പിക്കുന്ന ഹയർസെക്കന്ററി സ്കൂളുകൾ</u>

7072 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ ഹയർസെക്കന്ററി സ്കൂളുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ജിയോളജി പഠിപ്പിക്കുന്ന എത്ര സ്കൂളുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്ലസ് ടു അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ ജിയോളജി വിഷയം ഉൾപ്പെടുന്ന കോമ്പിനേഷൻ കൂടുതൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജിയോളജി (സീനിയർ) തസ്തികയിലേക്ക് ബൈപ്രമോഷനു വേണ്ടി നീക്കിവെച്ച ഒഴിവുകളിൽ നിയമനം നടത്തുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>നായരങ്ങാടി റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കന്ററിയിൽ കോമേഴ്സിന് അഡീഷണൽ ബാച്ച് അനുവദിക്കൽ</u>

T7073 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ നായരങ്ങാടിയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർസെക്കന്ററി അഡീഷണൽ ബാച്ച് (കോമേഴ്സ്) അനുവദിക്കണമെന്ന അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളുടെ കൊഴിഞ്ഞ് പോക്ക് ഒഴിവാക്കി, പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥിനികൾക്കും തുടർപഠനത്തിനുള്ള അവസരം ഉറപ്പാക്കുന്നതിനായി പ്ലസ് വൺ അഡീഷണൽ ബാച്ച് അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം

7074 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 96 ലക്ഷം രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 8 ക്ലാസ് മുറി നിർമ്മിക്കുന്നതിലേക്ക് പ്ലാനും അനുബന്ധരേഖകളും ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം നടത്തുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കിയ പ്രാഥമിക ലിസ്റ്റിൽ 12-ാമതായി ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പിന്നീട് തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഈ പ്രവൃത്തി ഉൾപ്പെടുത്താതെ പോയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ സ്കൂളിന്റെ അടിസ്ഥാന സൗകര്യ അപര്യാപ്തത കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷം കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കാൻ സന്നദ്ധമാകുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികയിലെ ഒഴിവുകൾ

7075 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഏതൊക്കെ സ്കൂളുകളിൽ; വ്യക്തമാക്കുമോ;

(ബി) എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; വ്യക്തമാക്കുമോ;

(ഡി) ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്തിട്ടില്ലെങ്കിൽ റിപ്പോർട്ടു ചെയ്യുന്നതിനും റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കൊടുവള്ളി എ.ഇ.ഒ. ഓഫീസിൽ സൂപ്രണ്ടിന്റെ തസ്തിക</u>

7076 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി എ.ഇ.ഒ. ഓഫീസിൽ സൂപ്രണ്ടിന്റെ തസ്തിക ഇല്ലാത്തതുകൊണ്ട് ഓഫീസ് പ്രവർത്തനത്തിലുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ്.ടി. മലയാളം സീനിയർ തസ്തികയിൽ ഒഴിവുകൾ</u>

7077 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഏപ്രിൽ 30-ന് ശേഷം എച്ച്.എസ്.എസ്.ടി. മലയാളം സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) 2014-ൽ എച്ച്.എസ്.എസ്.ടി. മലയാളം ജൂനിയർ തസ്തികയിൽ നിന്ന് എത്ര അധ്യാപകരെ സീനിയർ തസ്തികയിലേക്ക് പ്രൊമോട്ടു ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) എച്ച്.എസ്.എസ്.ടി. മലയാളം ജൂനിയർ/സീനിയർ വിഭാഗങ്ങളിലായി എത്ര ഗസ്റ്റ് ലക്ചറർമാർ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**വി.എച്ച്.എസ്.ഇ. ഡയറക്ടറേറ്റിലെയും മേഖല ഓഫീസുകളിലെയും ജോലി സംബന്ധിച്ച പി.ആന്റ് എ.ആർ.ഡി. വർക്ക് സ്റ്റഡി**

7078 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ. ഡയറക്ടറേറ്റിലെയും മേഖല ഓഫീസുകളിലെയും ജോലി സംബന്ധിച്ച് പി.ആന്റ് എ. ആർ.ഡി. വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വർക്ക് സ്റ്റഡിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) വർക്ക് സ്റ്റഡിയുടെ ഭാഗമായി എത്ര അധിക തസ്തികകൾ സൃഷ്ടിക്കാൻ ശുപാർശ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മങ്കട വള്ളിപ്പുറം അന്ധവിദ്യാലയത്തിൽ പ്ലസ്ടു അനുവദിക്കൽ</u>

7079 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട വള്ളിപ്പുറം അന്ധവിദ്യാലയത്തിൽ പ്ലസ്ടു അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അന്ധവിദ്യാലയത്തിൽ പ്ലസ്ടു അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് ഇക്കാര്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകളിൽ 2011-ൽ അധികമായി അനുവദിച്ച ബാച്ചുകൾ</u>

7080 ശ്രീ. കെ. രാധാകൃഷ്ണൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ 2011-ൽ അധികമായി ബാച്ചുകൾ അനുവദിക്കുകയുണ്ടായോ; എങ്കിൽ എന്നു മുതൽ;

(ബി) പ്രസ്തുത ബാച്ചുകളിലേക്ക് അധികമായുള്ള അദ്ധ്യാപക തസ്തിക എന്ന് മുതൽക്കാണ് അനുവദിച്ച് ഉത്തരവായത്;

(സി) അധികമായി അനുവദിച്ച ബാച്ചുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളം ഇല്ലാതാകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ഡി) നിയമന നടപടികൾ അസാധുവായിട്ടുണ്ടോ;

(ഇ) പുതുതായി നിയമന നടപടികൾ നടത്താത്ത സാഹചര്യത്തിൽ ഇവരുടെ വേതനത്തിന് എന്തെങ്കിലും തീർപ്പ് കല്പിച്ച് നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍/എയ്ഡഡ് വിദ്യാലയങ്ങളിലെ പ്ലസ്ടു സീറ്റുകള്‍</u>

7081 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍/എയ്ഡഡ് വിദ്യാലയങ്ങളില്‍ ആകെ എത്ര പ്ലസ് ടു സീറ്റുകള്‍ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; എസ്.എസ്.എല്‍.സി. പാസ്സായി പ്ലസ് ടു പഠന യോഗ്യത നേടിയ ആകെ വിദ്യാര്‍ത്ഥികളുടെ എണ്ണവും ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്ലസ് ടു പഠന യോഗ്യത നേടിയ മുഴുവന്‍ വിദ്യാര്‍ത്ഥികള്‍ക്കും പ്രവേശനം നല്‍കുന്നതിന് മതിയായ സംവിധാനം ഇപ്പോള്‍ നിലവിലുണ്ടോ; ഇല്ലെങ്കില്‍ ശേഷിക്കുന്ന വിദ്യാര്‍ത്ഥികളുടെ പഠനാവശ്യം നിര്‍വ്വഹിക്കുവാന്‍ എന്തു നടപടികള്‍ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ് ടു വിന് അധിക ബാച്ചുകൾ</u>

7082 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് പ്ലസ് ടു വിന് അധിക ബാച്ചുകൾ അനുവദിച്ചിട്ടുള്ളത് ; ഏതൊക്കെ വിഷയങ്ങൾ അനുവദിച്ചുവെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കൊട്ടാരക്കര മണ്ഡലത്തിലെ പെരുംകുളം ഗവൺമെന്റ് പി. വി. എച്ച്.എസിൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കണമെന്ന അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ പ്ലസ്ടു, വി.എച്ച്.എസ്.സി. സീറ്റുകൾ</u>

7083 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ എത്ര പ്ലസ്ടു, വി. എച്ച്.എസ്.സി സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2013-2014 അദ്ധ്യയന വർഷം സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ പ്ലസ്ടു, വി.എച്ച്.എസ്.സി സീറ്റുകൾ ആവശ്യക്കാരില്ലാതെ ഒഴിഞ്ഞുകിടന്നിരുന്നോയെന്നും ഉണ്ടെങ്കിൽ എത്ര സീറ്റുകളെന്നും വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ വർഷത്തിൽ നിന്നും കൂടുതലായി ഇത്തവണ വൈക്കം മണ്ഡലത്തിലെ സ്കൂളുകളിൽ പ്ലസ്ടു, വി.എച്ച്.എസ്.സി സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര സീറ്റുകളെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

പ്ലസ് ടു - അധിക സീറ്റുകൾ/ബാച്ചുകൾക്ക് അപേക്ഷിച്ച സ്കൂളുകൾ

7084 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ അധ്യയന വർഷത്തിൽ പ്ലസ് ടു - അധിക സീറ്റുകൾ/ബാച്ചുകൾക്ക് അപേക്ഷിച്ച സ്കൂളുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അക്കാദമിക് സിറ്റി</u>

7085 ശ്രീ. അൻവർ സാദത്ത്
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന അക്കാദമിക് സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ദേശീയ ഉന്നത വിദ്യാഭ്യാസ അഭിയാൻ</u>

7086 ശ്രീ. റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതി രേഖയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാതലായ എന്തെല്ലാം മാറ്റങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദേശീയ ഉന്നത വിദ്യാഭ്യാസ അഭിയാൻ പ്രകാരം പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത മേഖലയിൽ സംസ്ഥാന ഗവൺമെന്റ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിക്കുന്നതിനും പദ്ധതി വിഭവങ്ങൾ പരമാവധി ലഭ്യമാക്കുന്നതിനും ഉതകുന്ന വിധത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി കോളേജ് പദ്ധതി</u>

7087 ശ്രീ. എസ്. ശർമ്മ
,, ബാബു എം. പാലിശ്ശേരി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി കോളേജ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പദ്ധതിപ്രകാരം രൂപവത്കരിക്കുന്ന ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഘടന വിശദമാക്കാമോ;

(സി) അതിൽ വിദ്യാർത്ഥി-അദ്ധ്യാപക സംഘടനകൾക്ക് പ്രാതിനിധ്യം നൽകാമോ;

(ഡി) പാഠ്യപദ്ധതി തയ്യാറാക്കലും പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും അതേ കോളേജിലെ അദ്ധ്യാപകർ നടത്തുന്ന രീതി വിദ്യാഭ്യാസത്തിന്റെ മൂല്യശോഷണത്തിന് വഴിവെയ്ക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

കേരള ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാഡമി

7088 ശ്രീ. കെ. മുരളീധരൻ
,, എം.എ. വാഹീദ്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാഡമിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് അക്കാഡമിയുടെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊഴിൽ വൈദഗ്ദ്ധ്യക്കുറവ് പരിഹരിക്കാനും ഐ.റ്റി. മേഖലകളിൽ മികച്ച മലയാളികളെ വാർത്തെടുക്കാനും എന്തെല്ലാം പ്രവർത്തനങ്ങളാണ് അക്കാഡമി നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് അക്കാഡമി പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>

7089 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) നാക് റേറ്റിംഗ് ലഭിക്കുന്നതിന് പ്രസ്തുത പദ്ധതി എത്ര മാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം</u>

7090

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം കോളേജുകളിലാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥി രാഷ്ട്രീയം സംബന്ധിച്ച് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം</u>

7091 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എഫ്.ഐ, കെ.എസ്.യു, എ.ബി.വി.പി, എ.ഐ.എസ്.എഫ് എന്നീ സംഘടനകൾക്ക് കോളേജ് കാമ്പസുകളിൽ പ്രവർത്തിക്കാൻ നിയമപരമായോ ഭരണഘടനാപരമായോ അവകാശമില്ലെന്ന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻ ബഹു.ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) രാഷ്ട്രീയ പ്രവർത്തനം നടത്തില്ല എന്ന് വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും രേഖാമൂലം എഴുതിവാങ്ങും എന്ന് സത്യവാങ്മൂലത്തിൽ പറയുന്നുണ്ടോ;

(സി) സർക്കാർ നിർദ്ദേശാനുസരണമാണോ ഈ ഉദ്യോഗസ്ഥൻ പ്രസ്തുത സത്യവാങ്മൂലം നൽകിയത് എന്ന് വ്യക്തമാക്കുമോ;

(ഡി) കോടതിയിൽ നൽകിയ പ്രസ്തുത സത്യവാങ്മൂലം സർക്കാർ നയമല്ല എങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ലോ കോളേജിൽ നിയമബിരുദത്തിൽ സായാഹ്ന കോഴ്സ്</u>

7092 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമ പഠനത്തിന് സായാഹ്ന ബിരുദ കോഴ്സുകൾ നടത്തപ്പെടുന്നത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മലബാർ മേഖലയിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ സായാഹ്ന നിയമ ബിരുദ കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

**അംഗീകൃത ഡിപ്ലോമ കോഴ്സ് എന്ന് പരസ്യം ചെയ്ത് വിദ്യാർത്ഥികളെ കബളിപ്പിക്കുന്നതിനെതിരെ നടപടി**

7093 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റേയോ എ.ഐ.സി.ടി.ഇ. യുടെയോ അംഗീകാരമില്ലാതെ, അംഗീകൃത ഡിപ്ലോമാ കോഴ്സുകൾ എന്ന് പരസ്യം ചെയ്ത് വിദ്യാർത്ഥികളെ കബളിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ ഫീസ്</u>

7094 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന ശേഷം ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിൽ പഠിക്കുവാൻ അവസരം നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പിണറായി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിടം പണി</u>

7095 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിണറായി ഐ.എച്ച്. ആർ.ഡി. കോളേജിന്റെ കെട്ടിട പണിയുടെ തടസ്സം നീക്കികിട്ടുന്നതിന് വകുപ്പ് മന്ത്രി മുൻകൈ എടുത്ത് ബന്ധപ്പെട്ട മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പുതിയ കോളേജുകളുടെ കെട്ടിടനിർമ്മാണം</u>

7096 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംസ്ഥാനത്ത് എത്ര പുതിയ കോളേജുകൾ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടെന്നും കഴിഞ്ഞ വർഷവും ഈ വർഷവുമായി എവിടെയെല്ലാം കോളേജുകൾ പ്രവർത്തനം ആരംഭിച്ചുവെന്നും പറയാമോ;

(ബി) ഏതെല്ലാം കോളേജുകൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് പറയാമോ;

(സി) എം.എൽ.എ യുടെ പ്രാദേശിക വികസനഫണ്ടോ, മണ്ഡലം ആസ്തിവികസന ഫണ്ടോ വിനിയോഗിച്ച് ഭൂമി വാങ്ങിയിട്ടുള്ള കോളേജുകൾക്ക് കെട്ടിടം ഉൾപ്പെടെ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം</u>

7097 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതു സംബന്ധിച്ച ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) **1997** മുതൽ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് അദ്ധ്യാപകരെ നിയമിച്ചെങ്കിലും അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓരോ വർഷവും പുതിയ കോഴ്സുകൾ അനുവദിക്കുന്നതനുസരിച്ച് അനദ്ധ്യാപകരെ നിയമിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ ദുരീകരിക്കാൻ ഈ വിഭാഗക്കാർക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പുതിയ ഗവ. കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ</u>

7098 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച ഗവ. കോളേജുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഷയത്തിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പുതിയ ആർട്സ് & സയൻസ് കോളേജുകളിലെ ജീവന ക്കാരുടെ ആനുകൂല്യങ്ങൾ</u>

7099 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം ആരംഭിച്ച സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചവർക്കും മറ്റ് ജീവന ക്കാർക്കും ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ലഭ്യമായി ട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരി ക്കുമോ;

(സി) സർവ്വീസിൽ നിന്നും വിരമിച്ചതിന്ശേഷം സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചവർക്ക് എന്ത് മാനദണ്ഡ പ്രകാരമാണ് ആനുകൂല്യങ്ങൾ നൽകുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലെ നിയമനം</u>

7100 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടിക്രമം എന്താണ്;

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചററർ തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നേരിട്ട് നിയമനം ലഭിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; കാലാവധി തീരുന്നതെപ്പോൾ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി വഴി നേരിട്ട് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കേരളാ യൂണിവേഴ്സിറ്റിയുടെ ബിരുദപഠനതലത്തിലെ സെമസ്റ്ററൈസേഷൻ</u>

7101 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ യൂണിവേഴ്സിറ്റി ബിരുദപഠനതലത്തിൽ പാഠ്യ പരിഷ്കരണത്തിന്റെ ഭാഗമായി സെമസ്റ്ററൈസേഷൻ പൂർണ്ണമായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) സെമസ്റ്ററൈസേഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഏതെങ്കിലും തരത്തിലുള്ള പഠനം യൂണിവേഴ്സിറ്റി നടത്തിയിട്ടുണ്ടോ ;

(സി) ഈ മേഖലയിൽ അദ്ധ്യാപനം നടത്തിവരുന്നവരെയും പലവിധകാരണങ്ങളാൽ ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടുവാൻ കഴിയാതെ പ്രൈവറ്റ് രജിസ്ട്രേഷനെ ആശ്രയിക്കുന്ന വിദ്യാർത്ഥികളെയും തികച്ചും പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പുന:പരിശോധിക്കുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

കേരള യൂണിവേഴ്സിറ്റിയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കൽ

7102 ശ്രീ. ചിററയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റഗുലർ കോളേജിന്റെ ബിരുദ സിലബസിലും സ്കീമിലും പ്രൈവറ്റ് രജിസ്ട്രേഷൻ സ്ട്രീം നടപ്പിലാക്കുന്നതിന് നിലവിലെ തടസ്സം എന്താണ്; വിശദമാക്കുമോ;

(ബി) റഗുലർ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് സമ്പ്രദായം ഉണ്ടെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻകാർക്കും ഇതര യൂണിവേഴ്സിറ്റികൾ അവലംബിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുമോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(സി) ഒരേ സിലബസിൽ പഠിക്കുന്ന എല്ലാ സ്ട്രീമിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഒരേ സ്കീമിൽ പരീക്ഷ നടത്തുന്നതിന് തയ്യാറാകുമോ: ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ഡി) 1971 ൽ കേരളാ യൂണിവേഴ്സിറ്റി ആരംഭിച്ച പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായം നിർത്തലാക്കുന്നതിന്റെ ഭാഗമായി ഡിഗ്രിതലത്തിലും സെമസ്റ്ററൈസേഷൻ നടപ്പിലാക്കുന്നതിന് മുൻപ് ഈ വിഷയത്തിൽ ഒരു പഠനം സാദ്ധ്യമാക്കുന്നതിന് ഒരു കമ്മീഷനെ ചുമതലപ്പെടുത്തുവാൻ തയ്യാറാകുമോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കേരള യൂണിവേഴ്സിറ്റി നടത്തുന്ന ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ</u>

7103 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി നടത്തുന്ന എത്ര കെ.യു.സി.ടി.ഇ.കൾക്കാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സെന്ററുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) കേരള യൂണിവേഴ്സിറ്റി സെന്റർ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ സെന്ററുകൾക്ക് സ്ഥലവും കെട്ടിടങ്ങളും ലഭ്യമാകുന്നതിന് ചെലവഴിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ സെന്ററുകൾ അടിസ്ഥാനമാക്കി ലഭ്യമാക്കുമോ;

(ഡി) ഈ സെന്ററുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലെ നിയമനത്തിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ തസ്തിക തിരിച്ച് വിശദമാക്കുമോ;

(ഇ) ഈ തസ്തികകളിൽ ജോലി ചെയ്യുന്ന വ്യക്തികളുടെ യോഗ്യതയടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കേരള സർവ്വകലാശാലാ അദ്ധ്യാപക പരിശീലന കോളേജുകളുടെ പ്രവർത്തനം</u>

7104 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നേരിട്ടു നടത്തുന്ന അദ്ധ്യാപക പരിശീലന കോളേജുകളിൽ, വരുന്ന അദ്ധ്യയനവർഷത്തിൽ പ്രവേശനം നടത്തുന്നതിന് തടസ്സമാകുംവിധം ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർവ്വകലാശാല നേരിട്ടു നടത്തുന്ന അദ്ധ്യാപക പരിശീലന കോളേജുകളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കാലിക്കറ്റ് വി. സി. യെ സന്ദർശിക്കുന്നതിനുള്ള നിയന്ത്രണം</u>

7105 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും വി. സി. യെയും രജിസ്ട്രാറെയും കാണുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വൈസ് - ചാൻസലറെ കാണുന്നതിന് സ്ത്രീകൾക്ക് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് വി. സി. ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച് പോലീസിന്റെയോ സ്പെഷ്യൽ ബ്രാഞ്ചിന്റെയോ യൂണിവേഴ്സിറ്റി സെക്യൂരിറ്റി വിഭാഗത്തിന്റെയോ റിപ്പോർട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയെ കാണുന്നതിന് സ്തീകളെ മാത്രം വിലക്കിക്കൊണ്ടുള്ള ഉത്തരവ് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതാണെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഈ ഉത്തരവ് അടിയന്തരമായി പിൻവലിക്കുന്നതിന് സർക്കാർ ഇടപെടുമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച്</u>
<u>ആന്റ് ഡെവലപ്പ്മെന്റിന്റെ പ്രവർത്തനം</u>

7106 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം (സി.ഇ.ടി) കാമ്പസിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (സി.ഇ.ആർ.ഡി) ന്റെ പ്രവർത്തനലക്ഷ്യം വ്യക്തമാക്കാമോ; പ്രസ്തുത പ്രോജക്ട് എന്നാണ് തിരുവനന്തപുരത്ത് ആരംഭിച്ചത്;

(ബി) പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനത്തിനുള്ള ധനസഹായം എവിടെനിന്നാണ് ലഭിക്കുന്നത്;

(സി) 31.3.2014 വരെ എത്ര രൂപ ധനസഹായമായി ലഭിച്ചു; എത്ര തുക വിനിയോഗിച്ചു;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര; കരാർ ജീവനക്കാരുണ്ടെങ്കിൽ എത്ര; അവരുടെ നിയമനരീതി എന്നിവ വ്യക്തമാക്കാമോ;

(ഇ) സ്ഥിരം ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്തുവരുന്നു;

(എഫ്) പ്രോജക്ട് ആരംഭം മുതലുള്ള സ്ഥിരം ജീവനക്കാരുടെ വിവരവും തസ്തികയും ലഭ്യമാക്കാമോ; സ്ഥിരം ജീവനക്കാരുണ്ടെങ്കിൽ അവരെ നിയമിക്കുവാൻ സർക്കാർ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ ദിവസവേതനക്കാർ</u>

7107 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനം പറ്റിക്കൊണ്ട് ജോലി ചെയ്യുവാൻ അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺ മുതൽ ദിവസവേതനാടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്തു എന്നും ജോലി ചെയ്യുന്ന അവസരത്തിൽ ഇവരിലാരെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ചേർന്നിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ ഇവർ ആരൊക്കെയെന്നും ഏതു തസ്തികയിലാണ് ജോലി ചെയ്തിരുന്നതെന്നും ഏതു സമയത്താണ് പഠനം നടത്തിയിരുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) സയൻസ്ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺ മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

സി-ആപ്റ്റിന്റെ വരുമാനവും ചെലവും

7108 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം സി-ആപ്റ്റിനായി പ്ലാൻ-നോൺ പ്ലാൻ ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എന്ത് തുക വീതം നീക്കി വെച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സി-ആപ്റ്റിന്റെ ലാഭം/നഷ്ടം 2008-09, 2009-10, 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്തു തുക വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) 2008 മുതൽ ഇതുവരെ പ്രിന്റിംഗ് ഇനത്തിൽ പ്രതി വർഷം സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും എന്തു തുകയ്ക്കുള്ള ഓർഡർ ആണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) 2011-12 സാമ്പത്തിക വർഷം മുതൽ ഇതുവരെ സി-ആപ്റ്റിന്റെ വരുമാനവും ചെലവും എത്ര വീതമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

രാജാരവിവര്‍മ്മ സെന്റര്‍ ഓഫ് എക്സലന്‍സ് ഫോര്‍ വിഷ്വല്‍ ആര്‍ട്സിന്റെ പ്രവര്‍ത്തനങ്ങള്‍

7109 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കല്‍ എഡ്യൂക്കേഷന്റെ കീഴില്‍ പ്രവര്‍ത്തിക്കുന്ന രാജാരവിവര്‍മ്മ ഫൈന്‍ ആര്‍ട്സ് കോളേജിന്റെ ഒരു കെട്ടിടം കേരള യൂണിവേഴ്സിറ്റി ലീസിനെടുത്ത് പ്രവര്‍ത്തിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) ഇവിടെയുള്ള രാജാരവിവര്‍മ്മ സെന്റര്‍ ഓഫ് എക്സലന്‍സ് ഫോര്‍ വിഷ്വല്‍ ആര്‍ട്സിന്റെ പ്രവര്‍ത്തനങ്ങള്‍ വിശദമാക്കുമോ;

(സി) ഈ സ്ഥാപനം സ്ഥലപരിമിതി മൂലം അടച്ചുപൂട്ടല്‍ ഭീഷണി നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനം പ്രവര്‍ത്തിക്കുന്നതിനായി, കെട്ടിടസമുച്ചയം അടക്കമുള്ള സൗകര്യങ്ങള്‍ക്ക് തഴക്കര പഞ്ചായത്തിലെ അടച്ചുപൂട്ടിയ ഗവണ്‍മെന്റ് എല്‍.പി.എസ്. ഫോര്‍ ബോയ്സ് സ്കൂളിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) പ്രസ്തുത സ്ഥലം ഏറ്റെടുത്ത് രാജാരവിവര്‍മ്മ സെന്റര്‍ ഓഫ് എക്സലന്‍സ് ഫോര്‍ വിഷ്വല്‍ ആര്‍ട്സിന് ആവശ്യമായ സൗകര്യങ്ങള്‍ ഏര്‍പ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികള്‍ സ്വീകരിക്കുമോയെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ കെട്ടിടനിർമ്മാണം</u>

7110 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഏറനാട്, പെരിന്തൽമണ്ണ തഹസീൽദാർമാർ ഇതിനുള്ള സ്ഥലം സംബന്ധിച്ച് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ഗ്രാമീണ വായനശാലകളുടെ ശോച്യാവസ്ഥ

T7111 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വായനശാലകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമീണ വായനശാലകൾക്ക് നൽകുന്ന പ്രവർത്തന ഫണ്ട് എപ്രകാരമാണ്;

(സി) ഗ്രാമീണ വായനശാലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ രൂപീകരിയ്ക്കുമോ;

(ഡി) അൻപത് വർഷം പൂർത്തിയാക്കിയതും സ്വന്തമായി കെട്ടിടമുള്ളതുമായ വായനശാലകൾക്ക് കെട്ടിട നികുതിയിലും വൈദ്യുതി നിരക്കിലും ഇളവുകൾ അനുവദിക്കുന്ന കാര്യം പരിഗണിയ്ക്കുമോ;

(ഇ) സ്വന്തമായി കെട്ടിടമുള്ള ഗ്രാമീണ വായനശാലകളുടെ കെട്ടിട പുനരുദ്ധാരണത്തിന് ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?